ഉത്തരം

(എ) & (ബി) 1993-ൽ കുറ്റിപ്പുറത്തുള്ള കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസിനെ പീഡിത വ്യവസായമായി ബി.ഐ.എഫ്.ആർ. പ്രഖ്യാപിച്ചു. കമ്പനി പുനരുദ്ധരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഒന്നും ലക്ഷ്യം കൈവരിക്കാത്തതുകൊണ്ട് 10-11-2002 മുതൽ കമ്പനിയുടെ പ്രവർത്തനം നിർത്തലാക്കി.

(സി) 226

(ഡി) അടച്ചു പൂട്ടുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കായി സർക്കാർ അംഗീകരിച്ച സോഷ്യൽ സേഫ്റ്റി നെറ്റ് വർക്ക് പ്രോഗ്രാം (SSNP) പാക്കേജിൽ ഉൾപ്പെടുത്തി ഒരു വി.ആർ.എസ്.പാക്കേജ് തൊഴിലാളികൾക്ക് നൽകുകയുണ്ടായി. ഇതിൽ തൊഴിലാളികളുടെ ശമ്പളകുടിശ്ശിക, ലീവ് സാലറി, ഗ്രാറ്റുവിറ്റി, വി.ആർ.എസ്. മായി ബന്ധപ്പെട്ട മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുകയുണ്ടായി. കൂടാതെ അനുബന്ധ കുടിശ്ശികയായ പി.എഫ്, ഇ.എസ്.ഐ. എന്നിവയും നൽകി.

(ഇ) & (എഫ്) കമ്പനിയുടെ കൈവശമുള്ള 18.8 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഭൂമിയുടെ കൈവശാവകാശം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്.

(ജി) കിൻഫ്രയ്ക്ക് കൈമാറിയ സ്ഥലത്ത് ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. മലിനീകരണം ഉണ്ടാകാത്ത ഇടത്തരം വ്യവസായങ്ങൾക്ക് ഭൂമി നൽകാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. കൂടാതെ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയും സ്ഥാപിച്ച് വ്യവസായികൾക്ക് നൽകാനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(എച്ച്) പദ്ധതിയുടെ പ്രവർത്തനം 12 മാസത്തിനകം പൂർത്തിയാക്കി സംരംഭകരെ തെരഞ്ഞെടുക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.

(ഐ) പാർക്കിന്റെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ അംഗീകരിച്ചശേഷം അടിസ്ഥാന വികസനങ്ങൾ പൂർത്തീകരിക്കുന്ന പ്രക്രിയ അവസാനിച്ചാൽ മാത്രമേ ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് സാധിക്കുകയുള്ളൂ.

കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്

145 (6309) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ പ്രവർത്തിക്കുന്ന കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്സ് ലിമിറ്റഡിന്റെ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)-(സി) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രധാന അസംസ്കൃത പദാർത്ഥം ചൈനാക്ലേ ആണ്. പ്രസ്തുത ക്ലേയ്ക്ക് വലിയ നിലയിൽ ലഭ്യതക്കുറവ് ഇല്ലെങ്കിലും നിലവിലുള്ള ഖനികളുടെ സാദ്ധ്യപരിമിതികൾ ഒരു പ്രശ്നമാണ്. ആയതിനാൽ കാസർഗോഡ് ജില്ലയിലെ എരിക്കുളത്ത് പേപ്പർ കോട്ടിംഗ്, സിറാമിക് ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ മുന്തിയ ഇനം ക്ലേ ലഭ്യമാണെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കമ്പനി അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ മൈനിംഗ് ആന്റ് ബെനിഫിസിയേഷൻ പ്ലാന്റ് അവിടെ സ്ഥാപിക്കുന്നതിനുവേണ്ടി 8.38 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ഇതിന് ആവശ്യമായ സാമ്പത്തിക സഹായം കഴിഞ്ഞ ബഡ്ജറ്റിൽ മിത വായ്പയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മിതവായ്പായിനത്തിൽ 5 കോടി രൂപ വീതം മലബാർ സിമന്റ്സ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനിയുടെ സിറാമിക് ഡിവിഷൻ മങ്ങാട്ട്പറമ്പിൽ ഇപ്പോൾ റിഫ്രാക്ടറി ബ്രിക്സ്, ഫ്ലൈറ്റിംഗ് ബാൾസ് തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ചുവരുന്നു. അവിടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഹോളോ ബ്ലോക്സ്, ഡെക്കറേറ്റീവ് ടൈൽസ്, പാവിംഗ് ടൈൽസ്, വയർക്കട്ട് ബ്രിക്സ് തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ജർമ്മൻ ടൈപ്പ് കിലൻ, ഷട്ടർ കിലൻ തുടങ്ങിയവ സ്ഥാപിക്കുന്നതിനാവശ്യമായ ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് കമ്പനി സമർപ്പിക്കുകയും ആയതിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരികയുമാണ്. ഇങ്ങനെ മൊത്തം 10.99 കോടി രൂപയുടെ വൈവിദ്ധ്യവൽക്കരണ പദ്ധതിക്കാണ് കമ്പനി രൂപം നൽകിയിട്ടുള്ളത്.

കരിമണൽ ഖനനത്തിനായി തെരഞ്ഞെടുത്ത പ്രദേശത്തുനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്കായി പാക്കേജ്

146 (6310) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം കെ. എം. എം. എൽ. കരിമണൽ ഖനനത്തിനായി തെരഞ്ഞെടുത്ത പന്മന പ്രദേശത്തുനിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർക്കായി എന്തൊക്കെ പാക്കേജുകളാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെട്ടവർക്കായി ജോലി വാഗ്ദാനമോ

LIBRARY ARCHIVES Kerala Legislative Assembly